**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4796** **20-07-2022 - ൽ മറുപടിയ്ക്ക്**

**പാലാരിവട്ടം, കുളിമാട് പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലാരിവട്ടം പാലത്തിന് ബലക്ഷയം ഉണ്ടായി എന്നതുമായി ബന്ധപ്പെട്ട് മുൻ വകുപ്പ് മന്ത്രിക്കെതിരെ കേസ് എടുത്തിട്ടുള്ളത് മന്ത്രി സ്വീകരിച്ചിട്ടുള്ള ഭരണപരമായ നടപടികൾ സംബന്ധിച്ചാണോ അതോ ബലക്ഷയം ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ചാണോ എന്ന് വ്യക്തമാക്കാമോ; | (എ) | വിജിലൻസ് വകുപ്പാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ബി) | അക്രെഡിറ്റഡ് ഏജൻസി വർക്കുകളുമായി ബന്ധപ്പെട്ട്, പാലാരിവട്ടം പാലത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടായിരുന്ന നിർവ്വഹണ ഏജൻസിക്കോ/കരാറുകാരനോ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് വിലക്കി പൊതുവായ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | അക്രഡിറ്റഡ് ഏജൻസി വർക്കുകളുമായി ബന്ധപ്പെട്ട്, പാലാരിവട്ടം പാലത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടായിരുന്ന നിർവ്വഹണ ഏജൻസിക്കോ/ കരാറുകാരനോ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് വിലക്കി പൊതുവായ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ടി പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുമ്പ് തീരുമാനം കൈക്കൊണ്ടിരുന്നില്ല. കോൺട്രാക്ട് ഡേറ്റയിൽ മൊബിലൈസേഷൻ അഡ്വാൻസ് ക്ലോസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കരാറുകാരന് ആയത് അനുവദിച്ച് നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | പൊതുമരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ/നിർദ്ദേശങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പ് പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് 09.08.2017 ലെ സർക്കാർ ഉത്തരവ് G.O.(P) No.3/2017/PWD പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം കോൺട്രാക്ട് ഡേറ്റയിൽ മൊബിലൈസേഷൻ അഡ്വാൻസ് ക്ലോസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ സാധിക്കുകയുള്ളൂ. മാത്രമല്ല മൊബിലൈസേഷൻ അഡ്വാൻസ് തുക |

| | | | |
|---|---|---|---|
| | | | കോൺട്രാക്റ്റ് പ്രൈസിന്റെ 10% ത്തിൽ കൂടാനും പാടുള്ളതല്ല. മൊബിലൈസേഷൻ അഡ്വാൻസ് നൽകണമെങ്കിൽ കരാറുകാരൻ അപേക്ഷ നൽകേണ്ടതുമാണ്. |
| (ഡി) | കുളിമാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചനകളോ മോണിറ്ററിംഗോ നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും ഉദ്യോഗസ്ഥർ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | കുളിമാട് പാലത്തിന്റെ ഡിസൈൻ പ്രകാരവും പൊതുമരാമത്ത് വകുപ്പിന്റെ ചട്ടങ്ങളും ഉത്തരവുകളും പാലിച്ചുമാണ് ടി പാലം നിർമ്മാണം നടത്തി വരുന്നത്. നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒന്നും തന്നെ ഉദ്യോഗസ്ഥർ പാലിക്കാതിരുന്നിട്ടില്ല. |
| (ഇ) | കുളിമാട് പാലം തകർന്നതുമായി ബന്ധപ്പെട്ട് ഭരണപരമായ വീഴ്ചകളും നോട്ടക്കുറവുകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഇ) | പാലം തകർന്നതിൽ ഭരണപരമായ വീഴ്ചകളോ നോട്ടക്കുറവുകളോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രധാനപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രവൃത്തികൾ നടക്കുന്ന സ്ഥലത്ത് മോണിറ്ററിംഗിനും പരിശോധനയ്ക്കുമായി നിർബന്ധമായും ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യകളുടെ പിൻബലത്തോടെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (എഫ്) | പ്രവൃത്തി ഇടങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കാൻ ആധുനിക സാങ്കേതികവിദ്യയുടെ സഹായ ത്തോടെ നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ